

അമൃതവിശ്വവിദ്യാപീഠം പ്രതിനിധികൾ പുരസ്കാരം സ്വീകരിക്കുന്നു

# മാലിന്യമുക്തം നവകേരളം അമൃത വിശ്വവിദ്യാപീഠത്തിന് പുരസ്കാരം

**കരുനാഗപ്പള്ളി:** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത പ്രവർത്തനങ്ങളും സുസ്ഥിര മാലിന്യ സംസ്കരണ രീതികളും നടപ്പിലാക്കിയ മികച്ച സ്ഥാപനമായി അമൃത വിശ്വവിദ്യാപീഠത്തെ തെരഞ്ഞെടുത്തു. 2024 ഒക്ടോബർ 2 മുതൽ 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെ നടപ്പിലാക്കിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരമാണ് ലഭിച്ചത്. സുസ്ഥിര മാലിന്യ സംസ്കരണ രീതികൾ, കമ്പോസ്റ്റിങ്, റീസൈക്കിളിങ്, ബോധവത്ക്കരണ ക്യാമ്പയിനുകൾ, സീറോ വെയ്സ്റ്റ് പദ്ധതികൾ, സൗഖ്യം റീയൂസബിൾ പാഡ്സ് തുടങ്ങിയ സംരംഭങ്ങൾ കണക്കിലെടുത്തതാണ് പുരസ്കാരം.

മന്ത്രി ജെ. ചിഞ്ചുറാണി, എൻ.കെ. പ്രേമചന്ദ്രൻ എംപി, എംഎൽഎമാരായ എം. മുകേഷ്, എം. നൗഷാദ്, മേയർ ഹണി ബെഞ്ചമിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഗോപൻ, ജില്ലാ കളക്ടർ എൻ. ദേവിദാസ് തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ മാതാ അമൃതാനന്ദമയി മഠത്തിന്റെ പബ്ലിക് റിലേഷൻസ് തലവൻ ശ്രീവത്സൻ, അസോ. ഡീൻ ഡോ. എസ്.എൻ. ജ്യോതി, ക്യാമ്പസ് പ്ലാനിങ് ആൻഡ് ഡെവലപ്മെന്റ് ജനറൽ മാനേജർ വിഷ്ണു വിജയ്, ക്യാമ്പസ് പ്ലാനിങ് ആൻഡ് ഡെവലപ്മെന്റ് എൻവയോൺമെന്റൽ എഞ്ചിനീയർ എസ്. നിധിൻ എന്നിവർ ചേർന്ന് പുരസ്കാരം സ്വീകരിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്ത് തല പരിപാടികളിലും കുലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകളിലെ മികച്ച സ്ഥാപനമായി അമൃതവിശ്വവിദ്യാപീഠം തെരഞ്ഞെടുത്തിരുന്നു.